## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 58** **23-01-2025 - ൽ മറുപടിയ്ക്ക്**

## പുനരധിവാസത്തിനായി നിർമിക്കുന്ന ടൗൺഷിപ്പുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വയനാട് ചൂരൽമല, മുണ്ടക്കൈ ദുരന്തങ്ങളിൽപെട്ടവരുടെ പുനരധിവാസത്തിനായി നിർമ്മിക്കുന്ന ടൗൺഷിപ്പുകൾക്കായി ഏതൊക്കെ സ്ഥലങ്ങളിലെ ഭൂമിയാണ് ഏറ്റെടുക്കുന്നത്; ഭൂമി ഏറ്റെടുക്കാൻ ദുരന്തനിവാരണ നിയമത്തിലെ വകുപ്പ് ഉപയോഗിച്ചത് എന്തിനാണ്; ദുരന്തനിവാരണ നിയമം ഉപയോഗിക്കാൻ ആരെങ്കിലും സർക്കാരിനു ശുപാർശ നൽകിയിരുന്നോ; ഏതു യോഗത്തിലാണ് ഇതിനു തീരുമാനമെടുത്തത്; | (എ) | ദുരിത ബാധിതരുടെ പുനരധിവാസത്തിനായി കണ്ടെത്തിയ കോട്ടപ്പടി വില്ലേജിലെ നെടുമ്പാല എസ്റ്റേറ്റ്, കൽപ്പറ്റ വില്ലേജിലെ എൽസ്റ്റൺ എസ്റ്റേറ്റ് എന്നിവയാണ് ഏറ്റെടുക്കുന്നത്. സമയബന്ധിതമായി ഭൂമി ഏറ്റെടുക്കുന്നതിനാണ് ദുരന്ത നിവാരണ നിയമത്തിലെ വകുപ്പ് ഉപയോഗിച്ചത്. ഭൂമി ഏറ്റെടുക്കുന്നതിന് അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭ്യമാക്കിയിരുന്നു. |
| (ബി) | ദുരന്തനിവാരണ നിയമം ഉപയോഗിച്ച് ഏറ്റെടുക്കുന്ന ഭൂമിക്ക് 2013 ലെ സ്ഥലം ഏറ്റെടുക്കൽ നിയമപ്രകാരമുള്ള നഷ്ടപരിഹാരം നൽകാൻ വ്യവസ്ഥയുണ്ടോ; പ്രസ്തുത നിയമപ്രകാരം നഷ്ടപരിഹാരം നൽകാനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; | (ബി) | ദുരിതബാധിതരുടെ പുനരധിവാസത്തിനായി കണ്ടെത്തിയ കോട്ടപ്പടി വില്ലേജിലെ നെടുമ്പാല എസ്റ്റേറ്റ്, കൽപ്പറ്റ വില്ലേജിലെ എൽസ്റ്റൺ റ്റീ എസ്റ്റേറ്റ് എന്നിവയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിച്ചു കിട്ടുന്നതിനായി വയനാട് ജില്ലാ കളക്ടർ സുൽത്താൻ ബത്തേരി സബ് കോടതിയിൽ OS 137/2024, OS 140/2024 എന്നീ സിവിൽ സ്യൂട്ടുകൾ ഫയൽ ചെയ്തിട്ടുള്ളതാണ്.<br><br>തോട്ടങ്ങൾ എറ്റെടുക്കുന്നതിനെതിരായി കമ്പനികൾ ഫയൽ ചെയ്ത WP(C)36125/2024,WP(C) 36436/24 എന്നീ റിട്ട് പെറ്റീഷനുകൾ തീർപ്പാക്കിക്കൊണ്ട് സിംഗിൾ ബഞ്ച് 27.12.2024 -ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ദുരന്ത നിവാരണ നിയമപ്രകാരം പുനരധിവാസത്തിനായി പ്രസ്തുത തോട്ടങ്ങൾ സർക്കാരിന് ഏറ്റെടുക്കാവുന്നതാണെന്നും കൈവശകക്ഷികൾക്ക് LARR Act 2013 പ്രകാരമുള്ള നഷ്ടപരിഹാരം നൽകണമെന്നും ഉത്തരവായിരുന്നു. പ്രസ്തുത വിധിന്യായത്തിലെ ചില പരാമർശങ്ങളിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനോട് 13/01/2025 -ൽ നിയമോപദേശം തേടിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയ 27.12.2024 ലെ കോടതി വിധിക്കെതിരെ HML കമ്പനി ഡിവിഷൻ ബഞ്ചിൽ |

| | | | |
|---|---|---|---|
| | | | അപ്പീൽ (WA109/2025) ഫയൽ ചെയ്തിട്ടുണ്ട്. അപ്പീൽ തീർപ്പാക്കിയിട്ടില്ല. |
| (സി) | വയനാട്ടിലെ ഭൂമിയുടെ കാര്യത്തിൽ ഈ വ്യവസ്ഥകൾ പാലിച്ചാണോ ഭൂമിയുടെ പണം നൽകാൻ ഉദ്ദേശിക്കുന്നത്; മുൻകൂറായി പണം നൽകാൻ കോടതി നിർദേശിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ ആരിൽ നിന്നെങ്കിലും നിയമോപദേശം തേടിയിട്ടുണ്ടോ; അതിന് എന്താണ് മറുപടി ലഭിച്ചത്; | (സി) | ദുരിതബാധിതരുടെ പുനരധിവാസത്തിനായി കണ്ടെത്തിയ കോട്ടപ്പടി വില്ലേജിലെ നെടുമ്പാല എസ്റ്റേറ്റ്, കൽപ്പറ്റ വില്ലേജിലെ എൽസ്റ്റൺ റ്റീ എസ്റ്റേറ്റ് എന്നിവയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിച്ചു കിട്ടുന്നതിനായി വയനാട് ജില്ലാ കളക്ടർ സുൽത്താൻ ബത്തേരി സബ് കോടതിയിൽ OS 137/2024, OS 140/2024 എന്നീ സിവിൽ സ്യൂട്ടുകൾ ഫയൽ ചെയ്തിട്ടുള്ളതാണ്.<br><br>തോട്ടങ്ങൾ ഏറ്റെടുക്കുന്നതിനെതിരായി കമ്പനികൾ ഫയൽ ചെയ്ത WP(C)36125/2024,WP(C) 36436/24 എന്നീ റിട്ട് പെറ്റീഷനുകൾ തീർപ്പാക്കിക്കൊണ്ട് സിംഗിൾ ബഞ്ച് 27.12.2024 -ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ദുരന്ത നിവാരണ നിയമപ്രകാരം പുനരധിവാസത്തിനായി പ്രസ്തുത തോട്ടങ്ങൾ സർക്കാരിന് ഏറ്റെടുക്കാവുന്നതാണെന്നും കൈവശകക്ഷികൾക്ക് LARR Act 2013 പ്രകാരമുള്ള നഷ്ടപരിഹാരം നൽകണമെന്നും ഉത്തരവായിരുന്നു. പ്രസ്തുത വിധിന്യായത്തിലെ ചില പരാമർശങ്ങളിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനോട് 13/01/2025 -ൽ നിയമോപദേശം തേടിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയ 27.12.2024 ലെ കോടതി വിധിക്കെതിരെ HML കമ്പനി ഡിവിഷൻ ബഞ്ചിൽ അപ്പീൽ (WA109/2025) ഫയൽ ചെയ്തിട്ടുണ്ട്. അപ്പീൽ തീർപ്പാക്കിയിട്ടില്ല. |
| (ഡി) | വയനാട്ടിൽ ടൗൺഷിപ്പ് നിർമിക്കാൻ ഉദ്ദേശിക്കുന്ന എസ്റ്റേറ്റുകൾ നിലവിൽ ആരുടെ ഉടമസ്ഥതയിലാണ്; ഇതു സംബന്ധിച്ച് കോടതിയിലോ ലാൻഡ് ബോർഡുകളിലോ വ്യവഹാരങ്ങളുണ്ടോ; | (ഡി) | ദുരിതബാധിതരുടെ പുനരധിവാസത്തിനായി കണ്ടെത്തിയ കോട്ടപ്പടി വില്ലേജിലെ നെടുമ്പാല എസ്റ്റേറ്റ്, കൽപ്പറ്റ വില്ലേജിലെ എൽസ്റ്റൺ റ്റീ എസ്റ്റേറ്റ് എന്നിവയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിച്ചു കിട്ടുന്നതിനായി വയനാട് ജില്ലാ കളക്ടർ സുൽത്താൻ ബത്തേരി സബ് കോടതിയിൽ OS 137/2024, OS 140/2024 എന്നീ സിവിൽ സ്യൂട്ടുകൾ ഫയൽ ചെയ്തിട്ടുള്ളതാണ്.<br><br>തോട്ടങ്ങൾ ഏറ്റെടുക്കുന്നതിനെതിരായി കമ്പനികൾ ഫയൽ ചെയ്ത WP(C)36125/2024,WP(C) 36436/24 എന്നീ റിട്ട് പെറ്റീഷനുകൾ തീർപ്പാക്കിക്കൊണ്ട് സിംഗിൾ ബഞ്ച് 27.12.2024 -ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ദുരന്ത നിവാരണ നിയമപ്രകാരം പുനരധിവാസത്തിനായി പ്രസ്തുത തോട്ടങ്ങൾ സർക്കാരിന് ഏറ്റെടുക്കാവുന്നതാണെന്നും കൈവശകക്ഷികൾക്ക് LARR Act 2013 പ്രകാരമുള്ള നഷ്ടപരിഹാരം നൽകണമെന്നും ഉത്തരവായിരുന്നു. |

| | | | |
|---|---|---|---|
| | | | പ്രസ്തുത വിധിന്യായത്തിലെ ചില പരാമർശങ്ങളിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനോട് 13/01/2025 -ൽ നിയമോപദേശം തേടിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയ 27.12.2024 ലെ കോടതി വിധിക്കെതിരെ HML കമ്പനി ഡിവിഷൻ ബഞ്ചിൽ അപ്പീൽ (WA109/2025) ഫയൽ ചെയ്തിട്ടുണ്ട്. അപ്പീൽ തീർപ്പാക്കിയിട്ടില്ല. |
| (ഇ) | ഉടമസ്ഥത രേഖകൾ സംബന്ധിച്ച തർക്കങ്ങൾ ഉള്ള ഭൂമിക്കു നഷ്ടപരിഹാരം സാധാരണ കോടതികളിൽ കെട്ടിവയ്ക്കുകയാണോ ചെയ്യുക; വയനാട്ടിലെ ഭൂമിയുടെ കാര്യത്തിൽ ആയത് വ്യത്യസ്തമായാണോ ചെയ്യാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | (ഇ) | ദുരിതബാധിതരുടെ പുനരധിവാസത്തിനായി കണ്ടെത്തിയ കോട്ടപ്പടി വില്ലേജിലെ നെടുമ്പാല എസ്റ്റേറ്റ്, കൽപ്പറ്റ വില്ലേജിലെ എൽസ്റ്റൺ റ്റീ എസ്റ്റേറ്റ് എന്നിവയിൽ സർക്കാരിന്റെ ഉടമസ്ഥത സ്ഥാപിച്ചു കിട്ടുന്നതിനായി വയനാട് ജില്ലാ കളക്ടർ സുൽത്താൻ ബത്തേരി സബ് കോടതിയിൽ OS 137/2024, OS 140/2024 എന്നീ സിവിൽ സ്യൂട്ടുകൾ ഫയൽ ചെയ്തിട്ടുള്ളതാണ്.<br><br>തോട്ടങ്ങൾ ഏറ്റെടുക്കുന്നതിനെതിരായി കമ്പനികൾ ഫയൽ ചെയ്ത WP(C)36125/2024,WP(C) 36436/24 എന്നീ റിട്ട് പെറ്റീഷനുകൾ തീർപ്പാക്കിക്കൊണ്ട് സിംഗിൾ ബഞ്ച് 27.12.2024 -ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ ദുരന്ത നിവാരണ നിയമപ്രകാരം പുനരധിവാസത്തിനായി പ്രസ്തുത തോട്ടങ്ങൾ സർക്കാരിന് ഏറ്റെടുക്കാവുന്നതാണെന്നും കൈവശകക്ഷികൾക്ക് LARR Act 2013 പ്രകാരമുള്ള നഷ്ടപരിഹാരം നൽകണമെന്നും ഉത്തരവായിരുന്നു. പ്രസ്തുത വിധിന്യായത്തിലെ ചില പരാമർശങ്ങളിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സംബന്ധിച്ച് അഡ്വക്കേറ്റ് ജനറലിനോട് 13/01/2025 -ൽ നിയമോപദേശം തേടിയിട്ടുണ്ട്. ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയ 27.12.2024 ലെ കോടതി വിധിക്കെതിരെ HML കമ്പനി ഡിവിഷൻ ബഞ്ചിൽ അപ്പീൽ (WA109/2025) ഫയൽ ചെയ്തിട്ടുണ്ട്. അപ്പീൽ തീർപ്പാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ